(സി) മേൽപറഞ്ഞ ഒത്തുതീർപ്പു വ്യവസ്ഥയിൽ അങ്ങനെ ആവശ്യമെങ്കിൽ ഒരു യോഗം വിളിച്ചു കൂട്ടുന്നതാണ്.

(ഡി) ഉണ്ട്. പ്രസ്തുത റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കുന്നതിനായി 4-2-2005-ൽ മുഖ്യമന്ത്രിയുടെയും കൃഷി-കയർ വകുപ്പുമന്ത്രി, തൊഴിൽ മന്ത്രി, ടൂറിസം മന്ത്രി എന്നിവരുടെയും സാന്നിദ്ധ്യത്തിൽ കൂടിയ യോഗം ചർച്ച ചെയ്തിരുന്നു. ചർച്ചയിൽ തീരുമാനമായ, തൊണ്ടു സംഭരണം, എം. ഇ. പി., പി. പി. ഇ. എസ്. എന്നിവ പുനസ്ഥാപിക്കുന്നതിനുള്ള തീരുമാനം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നീ കാര്യങ്ങളിൽ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. കയർ തൊഴിലാളികൾക്ക് 5 മാസത്തെ പെൻഷൻ കുടിശ്ശിക നൽകി. പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതിക്ക് ചട്ടങ്ങൾ ആവിഷ്ക്കരിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. പുനരുദ്ധരിക്കാവുന്ന 131 സംഘങ്ങൾക്ക് 1.35 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ചു. മറ്റു ശുപാർശകളിൻമേലും നടപടി സ്വീകരിച്ചുവരുന്നു.

നെൽകൃഷി നയം

167 [180] *ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:*
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
„ തോമസ് ഉണ്ണിയാടൻ:
„ സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ ഉൽപാദനം കൂട്ടുന്നതിനും കർഷകരെ ഈ രംഗത്ത് നിലനിർത്തുന്നതിനും പര്യാപ്തമായ നിലയിൽ ഒരു നെൽകൃഷി നയം രൂപീകരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) വിള ഇൻഷ്വറൻസ്, വളം സബ്സിഡി, പമ്പിംഗ് സബ്സിഡി എന്നിവ ഉദാരമായി നൽകുവാൻ അടിയന്തിര നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ;

(സി) വിളവെടുക്കുവാനും, സംസ്ക്കരിക്കുവാനും, കർഷകത്തൊഴിലാളികളുടെ അപര്യാപ്തതയ്ക്ക് ഒരു പരിഹാരമെന്ന നിലയിൽ "കംബൈൻഡ് ഹാർവെസ്റ്റ് മെഷീൻ" കൃഷിഭവൻ മുഖേന വാടകയ്ക്ക് ലഭ്യമാക്കാനുള്ള സംവിധാനം ആവിഷ്കരിക്കുമോ?

ഉത്തരം

(എ) നെൽകൃഷിക്കായി പ്രത്യേക നയം രൂപീകരിച്ചിട്ടില്ലെങ്കിലും സംസ്ഥാനത്ത് നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ ഈ രംഗത്ത് നിലനിർത്തുന്നതിനുമായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(1) ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുന്നു.

(2) അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നു.

(3) വിത്ത് വിതരണം കാര്യക്ഷമതയോടുകൂടിയും സമയബന്ധിതവുമായി നടപ്പിലാക്കുവാൻ വിത്ത് വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

(4) നെൽക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ഓരോ സീസണിലും നെൽകൃഷി ചെയ്യുന്ന കർഷകന് ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകി വരുന്നു.

(5) നെൽക്കൃഷിക്ക് ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യം നൽകുന്നുണ്ട്.

(6) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായം നൽകുന്നു.

(7) സംയോജിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണം, ജല പരിപാലനം എന്നിവ നടപ്പിലാക്കുന്നു.

(8) കർഷകരെ സഹായിക്കാൻ നെല്ല് സംഭരണം ഊർജ്ജിതമായി നടപ്പിലാക്കുന്നു.

(9) വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത്, കുമ്മായം എന്നിവ നൽകിയിട്ടുണ്ട്.

(10) വിളനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരത്തുക ഇരട്ടിയാക്കിയിട്ടുണ്ട്.

(11) കൃഷിനാശം നേരിട്ട കർഷകർ സഹകരണ ബാങ്കുകളിൽ നിന്നും മറ്റും എടുത്ത ലോണുകളുടെ പലിശ, പിഴപ്പലിശ എന്നിവയ്ക്ക് ഇളവനുവദിക്കുകയും ഒരു വർഷത്തേക്ക് സഹകരണസംഘം രജിസ്ട്രാറും രണ്ടു വർഷത്തേക്ക് കൊമേഴ്സ്യൽ ബാങ്കുകളും മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

(12) വിവരസാങ്കേതികവിദ്യയുടെയും ജൈവ സാങ്കേതികവിദ്യയുടെയും അനന്തസാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നെൽകൃഷിയുൾപ്പെടെ സംസ്ഥാനത്തെ കാർഷികരംഗം നവീകരിക്കാൻ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു.

(13) കുട്ടനാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ഈ പ്രദേശത്തെ 33000 ഹെക്ടറോളം വരുന്ന പാടശേഖരങ്ങളുടെ സമഗ്രവികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ ഒരു ബൃഹത്പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(14) മറ്റു നെല്ല് വികസന സമിതികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(15) നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം 10000 ഹെക്ടർ തരിശു ഭൂമിയിൽ തൊഴിൽരഹിതരായ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നെൽകൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(16) ഗ്രൂപ്പ് ഫാമിംഗിന് ഹെക്ടറിന് 1000 രൂപ ധനസഹായം ചെയ്യുന്നു.

(ബി) ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്ന എല്ലാ നെൽ കൃഷിക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ നേടാവുന്നതാണ്. രണ്ടു ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ നിശ്ചിത ശതമാനം കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകുന്നതാണ്. രാസവളത്തിനുള്ള സബ്സിഡി കേന്ദ്രസർക്കാർ ബന്ധപ്പെട്ട വളം കമ്പനികൾക്ക് നേരിട്ടാണ് നൽകുന്നത്. ടി സബ്സിഡിയുടെ പ്രയോജനം വളം വാങ്ങുന്ന എല്ലാ കർഷകർക്കും ലഭിക്കുന്നതാണ്. പമ്പിംഗ് സബ്സിഡിയും നൽകുന്നുണ്ട്.

(സി) കൃഷി വകുപ്പിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള 18 ''കംപൈൻഡ് ഹാർവെസ്റ്റർ മെഷീനുകൾ'' ആവശ്യാനുസരണം കൃഷിക്കാർക്ക് വാടകയ്ക്ക് നൽകുന്നുണ്ട്.

കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ സമിതി

168 [181] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
„ *എം. വി. ഗോവിന്ദൻ മാസ്റ്റർ:*
„ *എം. വി. ജയരാജൻ:*
„ *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കുറഞ്ഞ ഉൽപാദനക്ഷമത, രോഗകീടബാധകൾ, കാർഷികോൽപന്നങ്ങളുടെ വിലയിടിവ് എന്നിവ തരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനവും, ഉൽപാദനക്ഷമതയും കുറഞ്ഞുവരുന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഏതെല്ലാം കാർഷിക വിളകളുടെ ഉൽപാദനവും, ഉൽപാദനക്ഷമതയുമാണ് കുറഞ്ഞുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കാർഷിക വിളകളുടെ ഉൽപാദനവും കൃഷി സ്ഥലങ്ങളുടെ വിസ്തീർണ്ണവും കുറഞ്ഞുവരുന്നതിനെക്കുറിച്ച് വിദഗ്ദ്ധ സമിതിയെക്കൊണ്ട് പഠനം നടത്താൻ തയ്യാറാവുമോ?

GPM. 2/567/2012—26

LIBRARY ARCHIVES Kerala Legislative Assembly